# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.8170 17.07.2014-ൽ മറുപടിക്ക്

### ജലനിധി രണ്ടാം ഘട്ടം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പാലോട് രവി<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | 'ജലനിധി' രണ്ടാം ഘട്ടം, പഞ്ചായത്തുകളിൽ നടപ്പിലാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കമോ; | എ | ജലനിധി രണ്ടാംഘട്ട പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെയുള്ള ജില്ല കളിലെ ഗ്രാമപഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർ കോട്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി എന്നീ എട്ട് ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തു കളിലുമാണ് പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ മുതൽ മുടക്ക് 1022 കോടി രൂപയും പദ്ധതി കാലയളവ് 2012-2017 വരെയുമാണ്. ഇതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന ഘടക ങ്ങൾ നടപ്പിലാക്കി വരുന്നു. |
| ബി | എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിശദാംശങ്ങൾ നൽകുമോ; | | 1.ബഹു. പഞ്ചായത്തുകളുടെ സമഗ്ര കുടിവെള്ള പുനരുദ്ധാരണ പദ്ധതികൾ.<br>-മാളയും അനുബന്ധ പഞ്ചായത്തു കളും<br>- ഊരകവും അനുബന്ധ പഞ്ചായത്തു കളും<br>- ഒഴൂരും അനുബന്ധ പഞ്ചായത്തുകളും<br>2. ഏക പഞ്ചായത്തുകൾക്കുള്ള ബൾക്ക് സപ്ലൈ പദ്ധതികൾ<br>പദ്ധതികൾ നടപ്പാക്കുന്നതിലൂടെ ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മ |

| | | | |
|---|---|---|---|
| | | | യേറിയതും, സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം പേർക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. ബാച്ച് 1 ലെ 20 ഗ്രാമ പഞ്ചായത്തുകളിലും, ബാച്ച് 2 ലെ 62 ഗ്രാമ പഞ്ചായത്തുകളിലും പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബാച്ച് 1 ൽ വലുതും ചെറുതുമായ 453 കുടിവെള്ള പദ്ധതികളും, ബാച്ച് 2 ൽ 1161 കുടിവെള്ള പദ്ധതികളും നടപ്പാക്കുവാൻ വിഭാവനം ചെയ്തിരിക്കുന്നു. ഇതുമൂലം ഏകദേശം 9,60,000 പേർക്ക് പ്രയോജനം ലഭിക്കും. |
| സി | വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദമാക്കുമോ; | സി | ഇത്തരത്തിലുള്ള പദ്ധതികളുടെ നിർവ്വഹണം ആരംഭഘട്ടത്തിലാണ്. പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിയുമ്പോൾ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തന ക്ഷമത ഇതുമൂലം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു . |
| ഡി | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | ഡി | ഇതിനായി കേരളാ വാട്ടർ അതോറിറ്റിയിൽ സെക്റ്റർ ഡവലപ്പ് മെന്റ് സെല്ലിന് രൂപം കൊടുത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ